LIBRARY ARCHIVES Kerala Legislative Assembly

മണൽക്ഷാമം പരിഹരിക്കുന്നതിന് നടപടി

18 (*528) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ:
ശ്രീ. സി പി. മുഹമ്മദ്:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിടനിർമ്മാണ മേഖലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് ഒരു മണൽ കോർപ്പറേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത് ;

(ബി) സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുന്നതിന് ഗുജറാത്തിൽ നിന്നും കപ്പൽ മാർഗ്ഗം മണൽ കൊണ്ടുവരികയുണ്ടായോ എന്നറിയിക്കുമോ ;

(സി) എങ്കിൽ എത്ര തവണ ഇത്തരത്തിൽ സംസ്ഥാനത്ത് മണൽ കൊണ്ടുവന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കപ്പൽ മാർഗ്ഗം കൊണ്ടുവരുന്ന മണൽ വിപണനം ചെയ്യുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ഇ) സംസ്ഥാനത്തെ കടൽമണൽ സംസ്ക്കരിച്ച് കെട്ടിട നിർമ്മാണത്തിനുപയോഗിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(എഫ്) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) വ്യവസായ വകുപ്പിൽ നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) കപ്പൽ മാർഗ്ഗം ഗുജറാത്തിൽ നിന്ന് കേരളത്തിലേക്ക് മണൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നിന്ന് 5000 മെട്രിക് ടണ്ണും തിരുവനന്തപുരം ജില്ലാ ഓഫീസിൽനിന്ന് 3000 മെട്രിക് ടണ്ണും കപ്പൽ മാർഗ്ഗം ഇറക്കുമതി ചെയ്ത സാധാരണ മണൽ വിപണനം ചെയ്യുവാൻ അനുമതി കൊടുത്തിട്ടുണ്ട്.

(ഡി) കപ്പൽ മാർഗ്ഗം കൊണ്ടുവരുന്ന മണൽ വിപണനം ചെയ്യുന്നതിന് എല്ലാ ജില്ലകളിലുമുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖേന ഡീലേഴ്സ് ലൈസൻസ് നല്കിവരുന്നുണ്ട്. ഇപ്രകാരം ഡീലേഴ്സ് ലൈസൻസുള്ള വ്യാപാരികൾ മുഖേനയാണ് മണൽ വിപണനം നടത്തുന്നത്.

(ഇ) തൽക്കാലം പരിഗണനയിലില്ല.

(എഫ്) ഉദിക്കുന്നില്ല.